# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4737 — 19.05.2017 ന് മറുപടിയ്ക്ക്.

## കേരള വനവികസന നിധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കേരള വനവികസന നിധി ഏതെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിച്ചു വരുന്നത്; വ്യക്തമാക്കുമോ; | (എ) വനോൽപ്പന്നങ്ങളുടെ വില്പനയോടനുബന്ധിച്ച് വില്പനവിലയുടെ 5% ആയി ശേഖരിക്കുന്ന വന വികസന നികുതി, വനങ്ങളുടെ വികസനത്തിനും വനഗവേഷണത്തിനുമാണ് ചുവടെ ചേർക്കും പ്രകാരം ഉപയോഗിച്ച് വരുന്നത്.<br>1. സോഫ്റ്റ് വുഡ് ഇനങ്ങളിൽപ്പെട്ട മരങ്ങളുടേയും വ്യവസായ അസംസ്കൃത വസ്തുക്കൾക്കായി വിനിയോഗിക്കുന്ന മറ്റ് മരങ്ങളുടെ നടീലിനും പരിപാലനത്തിനും തൽസംബന്ധമായ അനുബന്ധ പ്രവർത്തനങ്ങൾക്കും - 60%<br>2. വനഗവേഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും - 40% |
| (ബി) തോട്ടങ്ങളുടെ വിസ്തീർണ്ണവും പൾപ്പ് വുഡിന്റെ ഉത്പാദനവും വർദ്ധിപ്പിക്കുന്നതിനായി ഈ നിധി ഫലപ്രദമായി വിനിയോഗിക്കുന്നില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വനവികസന നിധിയിലേക്ക് ശേഖരിക്കപ്പെടുന്ന തുകയ്ക്ക് അനുസൃതമായി സോഫ്റ്റ് വുഡ് സ്പീഷീസുകളുടെ തോട്ടങ്ങൾ ഉണ്ടാക്കുന്നതിനും പരിപാലിക്കുന്നതിനും ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കപ്പെടുന്നില്ല എന്ന ഒരു പരാമർശം ജനറൽ ആന്റ് സോഷ്യൽ സെക്ടർ ഓഡിറ്റ് വിഭാഗം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ 24.06.2016-ലെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഫലപ്രദമായി വിനിയോഗിക്കുന്നില്ല എന്ന പരാമർശം പ്രസ്തുത റിപ്പോർട്ടിൽ ഇല്ല. |
| (സി) വ്യാവസായിക ആവശ്യങ്ങൾ ഉണ്ടായിട്ടും പൾപ്പ് വുഡിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ വന വികസന നിധി ഫലപ്രദമായി ഉപയോഗിക്കാത്തത് എന്തുകൊണ്ടാണ്; ഈ ഫണ്ടിന്റെ ശരിയായ ഉപയോഗം ഉറപ്പു വരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ? | (സി) വ്യാവസായിക ആവശ്യങ്ങൾക്ക് മതിയായ പൾപ്പ് വുഡിന്റെ ഉല്പാദനം ഇപ്പോൾ മുടക്കം കൂടതെ നടക്കുന്നുണ്ട്. വനവികസന നിധിയിൽ നിന്നും ലഭിക്കുന്ന തുകയും, പദ്ധതി വിഹിതമായി 4406-01-105-87-വ്യാവസായിക അസംസ്കൃത വസ്തുക്കൾക്കായുള്ള പ്ലാന്റേഷൻ, 2406-01-10-89-പൾപ്പ് വുഡ് റിവോൾവിംഗ് ഫണ്ട് എന്ന ശീർഷകത്തിലും ആവശ്യമായ ഫണ്ട് ലഭിക്കുന്നുണ്ട്.<br>വനവികസന നിധിയുടെ വിനിയോഗം എപ്രകാരം ആയിരിക്കണമെന്ന് 1989-ലെ കെ.എഫ്.ഡി.എഫ് റൂൾസ് 4-ാം ചട്ടത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ